മഞ്ഞലുവ

പ്രസാദ് കാക്കശ്ശേരി



മഞ്ഞലുവ

പ്രസാദ് കാക്കശ്ശേരി
(മലയാളം: കവിതകൾ)

© 2026, Prasad Kakkassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/Linux operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Landscape in the Snow, a painting by Vincent van Gogh (1853–1890). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 മഞ്ഞലുവ 4

2 താളടയാളനാട 5

3 ആരു് 6

4 ഒരു ആസ്വാദനക്കുറിപ്പു്. . . . 7

5 അയ്യോട്ടിച്ചിറ 8

6 മെറ്റ-നരേറ്റീവ്. 9

7 ഒരു സംഗ്രഹീത പുനരാഖ്യാനം 10

1

മഞ്ഞലുവ

(ലോഹിതദാസിന്)

മാങ്ങാരെ ശിവക്ഷേത്ര-
പ്പൂരപ്പറമ്പ് രാത്രിയിൽ
ആന്റോ പാലയൂർ സൗണ്ട്
പ്രൊജക്ടർ, സിനിമ-
യാൾക്കൂട്ടം ഉറക്കത്തിൻ
വീർപ്പടക്കി, വ്രതശ്രദ്ധ
വിരിച്ചിട്ട പൂഴിമണ്ണ്.
മുളങ്കമ്പിൽ തിരശ്ശീല
വെളിച്ചത്തെ ചലിപ്പിക്കും
ശബ്ദ-ഭാഷണചാതുരി
നിഴൽ പലനിറം ചിന്നി
ഇരുൾമഞ്ഞിൻ ചിത്രശാല
മഞ്ഞലുവത്തുണ്ട് തിന്ന്
കെട്ടറ്റുബിന്നോരത്ത്
നിന്ന് കണ്ട ചലച്ചിത്രം
കക്കി ഗദ്ഗദബാല്യത്തിൽ

ആൾക്കൂട്ടം ഭ്രാന്തെടുത്ത്
മാഷെയോങ്ങിയെറിയുന്ന...
സംശയത്തിൻ കണ്ണ്,
ചുറ്റും പേപിടിച്ച നടപ്പാത
ഭ്രത-പാരമ്പര്യബാധ
ഊതിവിട്ട മകുടിയിൽ
ആഞ്ഞുകൊത്താന-
ടുക്കുന്ന,മാഷതൊന്ന
മറിയാതെ...
ന്യൂല് വിട്ടാൽ പട്ടമെങ്ങ്
കുട്ടികൾ കാലബോധത്തിൽ
ഇഷ്ടവാക്കിൽ മിഴിക്കവേ
ഭ്രാന്തം കാറ്റലച്ചെത്തി
ക്ലാസ്സിനുള്ളിൽ കലമ്പുന്ന.
ബാലൻമാഷ്ക്ക് പ്രാന്തെന്ന
ഏറ്റുചൊല്ലൽ വിഷച്ചോറായ്
അമ്മയൂട്ടി ഇരുട്ടത്ത്
കിടക്കുന്ന,മഞ്ഞലുവത്തുണ്ട്
മൊത്തം കണ്ണുനീരിൽ ചവർക്കുന്ന...
കാഴ്ചവിട്ട് തിരശ്ശീല
മടങ്ങുന്ന, കൺനിറയെ
കടയുന്ന, തനിയാവർത്തനം
തന്നെയുള്ളിലേറ്റ സങ്കടങ്ങൾ,
റീലു മൊത്തം റിയൽ സീനായ്
ഇന്നുമാരോപിച്ച ഭ്രാന്തിൻ
ചേലു കാണാനാള് ചുറ്റും.

ഒ. ടി. ടി. കാലമെത്തി
മുതിർന്ന കാഴ്ചയിൽ ഞാനും
ഇനിയാവർത്തിക്കുമോ,
തനിയെയാൾക്കൂട്ടം തന്നൊരാപടം...

2

താളടയാളനാട

എന്തൊരടുക്കും ചിട്ടയും!
രാത്രിയൊൻപതു മണി
താളടയാളനാട
മറിച്ചിട്ടെഴുതുന്ന നിത്യവും.

നാൾവഴിച്ചോട്ടുകൾ,
വൃത്തികൾ, ജീവിച്ച മുദ്രകൾ.
ഉണ്ടതും
കണ്ടതും
കൊണ്ടതും
കൊടുത്തതും
മങ്ങലേൽക്കാതുറങ്ങാതിരിക്കുന്ന
സ്മൃതിഭദ്രം
രേഖാസഞ്ചയം.

ഒറ്റയേട്ട്
മറിച്ചിട്ട് കാലം
പുത്തനേട്ട് മറിച്ചെഴുതുമ്പോൾ
എത്ര നിർവൃതി,
കൃത്യകൃതാർത്ഥത,
മിടിപ്പുകൾ, പ്രസരിച്ചൊ-
രോർമ്മകൾ.

ഒറ്റരാത്രി-
യൊൻപതിൽ സൂചി
താൾ മറിയ്ക്കാതയാൾ
മടങ്ങുമോ?
ആരുവായിക്കുമെന്ന
വിഭ്രാന്തി ബാക്കിയാക്കുമോ
പിൻവഴിത്താളുകൾ,
അക്ഷരാർത്ഥത്തി-
ലത്രയും ചിട്ടകൾ!

ആരയാൾ
മുറതെറ്റാതെഴുതുമ്പൊഴെന്നും
ഉള്ള് നീറി പിടഞ്ഞൊരീ ചിന്ത
ഭാഷയാവാതുഴറുന്നൊരീ ഞാൻ;
നിർത്തിയേടർത്തമർന്ന
താളടയാളനാട മാതിരി.

3

ആരു്

ആരെ പേടിയില്ലെങ്കിലും
പൊരേടെ
തൂണിനെ
പേടിക്കണന്ന് അച്ഛമ്മ

അച്ഛന്റെ പേടിയും
പേടിപ്പിക്കലും
മുറ്റത്തെ തെങ്ങായിരുന്നു

ഞങ്ങൾ കുട്ടികൾ
ഗോലിയും മേടാസും കളിക്കുമ്പോൾ
തെങ്ങിൻ കടേൽ
മൂത്രിക്കുമ്പോൾ
മുറ്റത്തൊന്നിറങ്ങി നിക്കുമ്പോൾ
താക്കീതും കരുതലും
ശാസനയും
അച്ഛനായെത്തും.

പഴമ്പട്ട,
കരിം തേങ്ങ,
മച്ചിങ്ങ,
കവളിമടൽ
മേലോട്ട് നോക്കി
അകത്തേക്കോടിക്കും.

പാതി നിർത്തിയ കളിയും
മൂത്രവും
നീരസമായി
ഉമ്മറത്തെ
തൂണിൽ മുഖം ചായും.

പിന്നെ
പട്ടയും വിളച്ചിലുമില്ലാതെ
മുറ്റത്തെ തെങ്ങ്
ഒറ്റാന്തടിയായി; അച്ഛനും.

മണ്ഡരിക്കാലത്തെ
ആ പക മുറിപ്പിച്ച പാട്ട്
ശാസനകളുടെ കടക്കുറ്റിയായി
ഇപ്പോഴുമുണ്ട്
മുറ്റത്ത്,
അലങ്കാര പെയിന്റടിച്ച്
വിന്റേജ് ലുക്കിൽ.

ഇന്നലെ
വീട്ടിലെത്തിയപ്പോൾ
മകന്റെ മൂട്ടിലൊരു
നീറ്റം.

കിംഹ്രം ത്രോണം കളിച്ച്
അതിലിരുന്ന്
നിരങ്ങിയതിന്നാറ്റം.

എത്ര നോക്കിയിട്ടും
തടവിയിട്ടും
തെളിയുന്നില്ല,
തടയുന്നില്ല
ആരു്!

4

ഒരു ആസ്വാദനക്കുറിപ്പ്

1

തിരിഞ്ഞും മറിഞ്ഞും വെന്തോരു രാത്രി
പുലർച്ചെപ്പരത്തി
മൊരിഞ്ഞ ദോശക്കൊതിമണം
കനൽകരിഞ്ചട്ടിയിൽ.

2

വീട്ടിലെയൂണെന്ന് വായിച്ചറിഞ്ഞ
രുചിപ്പാടിലൊപ്പി വിശപ്പ് നട്ടുച്ചകൾ.

3

ഉദരനിമിത്തം കെട്ടിയാട്ടം പകലിനെ
ഒട്ടുക്കമൊറ്റിക്കിടത്തി മയക്കുമത്താഴം

4

അരോചകം
ചമത്ക്കാര ഭാഷകൾ
രുചികൾ തിന്ന്
വിസർജിച്ച
നേരും നേരവും

5

അയ്യോട്ടിച്ചിറ[1]

ചാവക്കാടിനും
പൊന്നാനിക്കുമിടയിൽ
ഒരു യാത്രയുടെ വേവിൽ
ജുമുഅ നമസ്കാര സമയത്ത്
വിജനമായ റോഡിൽ
വഴിയറിയാതെയുഴലുന്ന
ഒരു ശബ്ദത്തെ കണ്ടുമുട്ടി.

ആക്ഷേപമോ
അപേക്ഷയോ
വ്യാക്ഷേപകമോ
'തിട്ടമതാർക്കറിയാം' മട്ടിൽ
അസ്സൽ
പരിഭ്രമമുഖം
കൂടെക്കൂട്ടി;
ഉമർഖാസിയും
മക്തി തങ്ങളും
നടന്ന
ഭാഷാസമരവഴികളിലൂടെ...

അയ്യോ! ബസ്സു വന്നു പോയ്
അയ്യോ! പോവല്ലേ പോവല്ലേ... ദേവി
അയ്യോ! ഓർക്കുക വല്ലപ്പോഴും
അയ്യോ! മാതുലാ പൊറുത്താലും

മുറിച്ചുകടക്കാൻ
നാൽവരികൾ,
വഴിക്കവിതകൾ

ബസ്സിറങ്ങി
വീഴാൻ പോയ
ടീച്ചറെ നോക്കി
പണ്ടേതോ
കിളി പറഞ്ഞ മൊഴിയിൽ
പര പര പരമ പാഹിമാം പരതുന്ന
നെറ്റിയിൽ കൈത്തലം നിഴലാക്കി
അയ്യോ! വെയിൽ.

നാട്ടു പേരിലുണ്ടെങ്കിലും
നേരിലില്ലാത്ത ടീച്ചറെത്തേടി
ഒരു ഉളുപ്പുമില്ലാതെയെത്തുന്ന
അയ്യോ!

എരി ചിന്നി
കണ്ണിലിരുട്ടിടങ്ങേറാക്കുമ്പോൾ
ദുരൂഹമായ നസ്യം തെറിയിൽ പറഞ്ഞു്
തിരൂർക്കുള്ള ബസ്സ് കേറുന്ന
അയ്യോ! നിഴൽ.

---

1. അയ്യോട്ടിച്ചിറ-മലപ്പുറം ജില്ലയിൽ വെളിയംകോട് അടുത്തുള്ള ബസ് സ്റ്റോപ്പ്. ബസ്സിറങ്ങുമ്പോൾ വീഴാൻ പോയ ടീച്ചറെ നോക്കി ബസ്സിലെ ക്ലീനർ അയ്യോ ടീച്ചറേ എന്ന് ഉച്ചത്തിൽ. ബസ് സ്റ്റോപ്പിന് അയ്യോട്ടിച്ചിറ എന്ന് പേരു വന്നതെന്ന് പ്രചാരത്തിലുള്ള പുതുകാല സ്ഥലനാമ യുക്തികൾ!
വൈലോപ്പിള്ളി, ചങ്ങമ്പുഴ, പി ഭാസ്കരൻ, സച്ചിദാനന്ദൻ എന്നിവരുടെ വരികൾ അയ്യോ! എന്ന വ്യാക്ഷേപകത്തോട് ഘടിപ്പിച്ച അക്ഷന്തവ്യമായ അപരാധം പൊറുക്കുക.

6

മെറ്റ-നരേറ്റീവ്

ചെറ്റെങ്കിലുമുണ്ടോ
ഒറ്റ തട്ടുക്കിലിരുന്ന്
ചർക്ക തിരിച്ചൊരു
നേരിന്നൂറ്റം
നൂറ്റവിചാരം?

ഉറ്റവരെല്ലാം
ധർമ്മപഥത്തിൽ
ഒറ്റ പ്രാർത്ഥന മാത്രം
തെളിയും
വട്ടക്കണ്ണട,
ഉണ്ടോ
കൂടെ കൂട്ടും
നീളൻ വഴിയിലെ
നേരിന്നൂന്നൽ?

സത്യാന്വേഷണ
വ്യഗ്രത നിത്യം
നോറ്റിയെടുത്തൊരു
നോട്ടപ്പൊരുളും?

മെറ്റയോട് ഞാൻ ചോദിച്ചു
ഇറ്റു സംശയഭാവത്തിൽ
മെറ്റ-നരേറ്റീവ് കാലത്ത്
ഈയൊറ്റ കാര്യം സ്വകാര്യമായ്!

— 7 —

ഒരു സംഗ്രഹീത പുനരാഖ്യാനം

ജീവിതത്തിന്റെ സംഗ്രഹമെന്നപോൽ
ഈ വിധം
പകർന്നോരു
ശ്രദ്ധകൾ
പേര്, ഫോട്ടോ,
വയസ്സ്, റ്റബന്ധുത
പരിണമിച്ചൊറ്റി
കൃത്യനോട്ടപ്രകാരം
തിട്ടമെന്ത് തൊട്ടറിയില്ലയെങ്കിലും
അറ്റമില്ലാത്തൊ-
രുദ്വേഗവിഭ്രമം
ഉള്ളിലേറിക്കൊളുത്തും
താൾമണ-
പ്പുതുമയേറ്റി മിടിക്കും മുഖങ്ങളിൽ
നീർത്തിയിട്ട കാലത്തിരശ്ശീല
മെല്ലെയേന്തി
വെളിപ്പെട്ട
മാതൃകൾ,
ചടുലനൃത്തക്കലാശത്തളർച്ചകൾ,
സകല ഭേദവും വിസ്മൃതമാക-
മഴൽവെളിച്ചത്തി-
ന്നരുപപ്രകാരം...

നീറി നീറി പടരും ദിനങ്ങളിൽ
കനിവൊടച്ചടി-
ച്ചെത്തും തിടുക്കമേ...
ഉൾപ്പുറങ്ങളേ-
യമരുമോർമയിൽ
ഊതിയാറ്റിക്കനപ്പുമൊത്തട്ടെ ഞാൻ...!

□

പ്രസാദ് കാക്കശ്ശേരി



തൃശ്ശൂർ ജില്ലയിലെ കാക്കശ്ശേരി ദേശത്ത് ജനിച്ചു. ആനുകാലികങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതുന്നു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിൽ നിന്ന് എം. എ. മലയാളം ഒന്നാം റാങ്കോടെ വിജയിച്ചു. കലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. ഫിൽ. ഇപ്പോൾ തൃക്കാവ്, പൊന്നാനി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ മലയാളം അദ്ധ്യാപകൻ.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>